शिक्षा का अधिकार
सर्व शिक्षा अभियान
सब पढ़ें सब बढ़ें

# ഒന്നാം പാദവാർഷിക മൂല്യനിർണയം 2015

## മലയാളം പേപ്പർ - I

## കേരളപാഠാവലി

ക്ലാസ് : VIII

സമയം : 1½മണിക്കൂർ — ആകെ സ്കോർ: 40

**പൊതുനിർദ്ദേശങ്ങൾ**

- *ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.*
- *ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കുന്നതിന് ഈ സമയം ഉപയോഗിക്കേണ്ടതാണ്.*
- *സമാശ്വാസ സമയത്ത് ഉത്തരങ്ങൾ എഴുതുവാൻ പാടുള്ളതല്ല.*
- *നിർദ്ദേശങ്ങൾക്കനുസരിച്ച് ഉത്തരമെഴുതുക.*

1. ''കുട്ടികൾ വളരുകയാണ്.
വർണത്തിളപ്പിന്റെ ലോകം വളരെ പെട്ടെന്ന് അവരെ മാറ്റിമറിക്കും.''

അടിവരയിട്ട പ്രയോഗം അർത്ഥമാക്കുന്നതെന്ത്?
- നിറമുള്ള ലോകം
- പ്രലോഭിപ്പിക്കുന്ന ലോകം
- കാണാൻ ഭംഗിയുള്ള ലോകം
- നിറംമങ്ങിയ ലോകം

(സ്കോർ 1)

2. 'ഓണം കേറാമൂല' എന്ന ശൈലി സൂചിപ്പിക്കുന്നത്?
- വിജനമായ സ്ഥലം
- ഓണത്തെ അറിയാത്ത മൂല
- പരിഷ്കാരങ്ങൾ എത്താത്ത ഇടം
- ഓണം കയറിയ ഇടം

(സ്കോർ 1)

3. പട്ടിക പൂർണ്ണമാക്കുക

| ക്രം. നം. | ഗ്രന്ഥകർത്താവ് | വരികൾ | വിഭാഗം |
|---|---|---|---|
| 1 | രാമപുരത്ത് വാര്യർ | മോഹമേറെ വളർത്തതുമുഷപ്പോളം തകർത്തതും ഊഹിച്ചടുത്തുനാമെല്ലാമൊരുമിച്ചതും | - |
| 2 | - | കലഹിച്ച ജീവിതത്തിൽ നിന്നു തന്നെയാണ് മൂന്നു കുട്ടികളും പിറന്നത് | അനുഭവക്കുറിപ്പ് |

| | | | |
|---|---|---|---|
| 3 | നാലപ്പാട്ട് നാരായണ മേനോൻ | ആരാരും നോക്കിടാതേ മതിൽ വിടവിൽ മുള- ച്ചുന്തിയെത്തിച്ചു നോക്കാൻ | - |
| 4 | - | അന്യൻമാരുടെ ഔദാര്യത്തിൽ ദൃഢമായി വിശ്വസിച്ചുകൊണ്ടുള്ള പോക്കാണിത് | ഹാസ സാഹിത്യം |

(സ്കോർ -1 x 4 = 4)

4. ''ചാമുണ്ഡിക്കാവിന്റെ മുറ്റത്തുപൂത്തുനിൽക്കുന്ന കുങ്കുമം ഈ വിനോദവേളയ്ക്കു കളിവിളക്കുനാട്ടലാണ്.'' - 'കളിവിളക്കുനാട്ടുക' എന്ന പ്രയോഗം സൂചിപ്പിക്കുന്നതെന്ത്?

(സ്കോർ 1 )

5. ആശയസമൃദ്ധം - ആശയത്താൽ സമൃദ്ധം എന്ന് മാറ്റിയെഴുതാം. എങ്കിൽ 'പ്രവാഹസന്നദ്ധം' എങ്ങനെ എഴുതാം?

(സ്കോർ 1 )

6. അടിവരയിട്ട പദങ്ങളുടെ അർത്ഥവ്യത്യാസം കണ്ടെത്തി എഴുതുക.

* <u>അമ്മവിളക്ക്</u> ഊതിക്കെടുത്തി
* <u>അമ്മ</u> <u>വിളക്ക്</u> ഊതിക്കെടുത്തി

(സ്കോർ 2 )

7. മാതൃകപോലെ എഴുതുക.

പൊതി + ചോറ് = പൊതിച്ചോറ്

പദചേർച്ചയിൽ 'ച്' ഇരട്ടിച്ചിരിക്കുന്നു. താഴെകൊടുത്ത പദങ്ങൾ പിരിച്ച് മാറ്റം വ്യക്തമാക്കുക.

* മുല്ലത്തറ
* സന്ധ്യയായി

(സ്കോർ 2 )

8. ''കണ്ടു വിഷുക്കണിയെത്രഞാ, നോണവു-
മുണ്ടു പലകുറിയെന്നിട്ടും
നിന്നിൽത്തുടിക്കുമീ നിഷ്കളനിർവൃതി-
യെന്നിൽ തിളച്ചുമറിഞ്ഞില്ല!''

'നിഷ്കളനിർവൃതിയെന്നിൽ തിളച്ചുമറിഞ്ഞില്ല.' എന്നതിലൂടെ കവി അർത്ഥമാക്കുന്നത് എന്തൊക്കെയാവാം?

(സ്കോർ 2 )

9. ''ചിലപ്പോൾ അത് ആകാശത്തിൽ കറുത്ത സിംഹം പോലെ നിൽക്കുന്നതായി തോന്നും. മറ്റു ചിലപ്പോൾ അത് എന്റെ കാഴ്ചയിൽ ചെറിയ ചെറിയ കൊടുമുടികളുമായി പ്രത്യക്ഷപ്പെടുന്ന നീലക്കാർ പർവതമായി മാറുന്നു. നിദ്രയ്ക്ക് കാർമുകിലിന്റെ നിറമാണെന്ന് ഞാൻ വെറുതെ ഭാവന ചെയ്യാറുണ്ട്.'' - കെ. പി. അപ്പൻ

"മഴയ്ക്ക് എത്രമുഖങ്ങളാണ്! എത്ര ഭാവങ്ങളാണ്! ചിരിച്ചു തിമിർത്ത് ഓടിവരുന്ന കുഞ്ഞിമഴയെ നമുക്ക് കളിമഴയെന്നു വിളിക്കാം. ഇടയ്ക്കിടെ തെളിഞ്ഞുംമങ്ങിയും പെയ്യുന്നൊരു പിണങ്ങി മഴയുണ്ട്. കുനുകുനെ ചിനുചിനെ പെയ്യുന്നൊരു ചിണുങ്ങി മഴയുണ്ട്. മണമുള്ള മഴയുണ്ട്."  - സുഗതകുമാരി

മേഘത്തെയും മഴയെയും, കെ. പി.അപ്പനും സുഗതകുമാരിയും ആസ്വദിച്ചത് വായിച്ചല്ലോ. പ്രകൃതിയുമായി ബന്ധപ്പെട്ട് നിങ്ങൾക്കുണ്ടായ ഏതെങ്കിലും അനുഭവം കാവ്യാത്മകമായി എഴുതുക. (അരപ്പുറം) (സ്കോർ 4 )

10. സ്വാഭിപ്രായക്കുറിപ്പ് തയ്യാറാക്കുക

"ആരാമത്തിൽക്കുളിർക്കൽത്തറയിലരചർ വ-
ന്നാചരിക്കുന്ന ലീലോ-
ദാരാനർഘോപചാരാൽ വളരുമൊരഴകേ-
റുന്ന പൂവല്ലിതാനും
ആരാരും നോക്കിടാതെ മതിൽ വിടവിൽ മുള-
ച്ചുന്തിയെത്തിച്ചു നോക്കാൻ
പോരാപ്പാഴ്‌വള്ളി നീയും പുണരുമിനകര-
ങ്ങൾക്കു തുല്യോത്സവങ്ങൾ"

മുകളിൽ കൊടുത്ത മുക്തകത്തിൽ 'പൂവല്ലിയും പാഴ്‌വള്ളിയും' മനുഷ്യഭാവത്തെ ഉൾക്കൊള്ളുന്നുണ്ടോ? വരികൾ വ്യാഖ്യാനിച്ച് സ്വാഭിപ്രായം എഴുതുക.

(അരപ്പുറം) (സ്കോർ 4)

11. "കഴിഞ്ഞ അവധിക്കാലത്തായിരുന്നു അച്ഛനോടൊപ്പമുള്ള ആ ബസ്സ് യാത്ര. പിന്നിലേക്ക് തിരിഞ്ഞുനോക്കിയപ്പോൾ യാത്രക്കാരിൽ പലരും ഉറക്കത്തിലാണ്. ചിലരൊക്കെ ഫോണിൽ സംസാരിക്കുന്നു. ഇയർഫോൺ ചെവിയിൽ തിരുകി ഇരുവശങ്ങളിലേക്കും നോക്കാതെ നിശ്ശബ്ദരായി ഇരിക്കുന്നുണ്ട് മറ്റുചിലർ. ഫോൺകൈയ്യിൽവെച്ച് അതിൽ തന്നെ നോക്കിയിരിക്കുന്നവരും കുറവല്ല.

അത്ഭുതം -

ആരും പുറത്തേക്ക് നോക്കുന്നേയില്ല!

എന്തുകൊണ്ടാവാം?

ഞാൻ പുറത്തേക്ക് നോക്കി. മനോഹരമായ പല കാഴ്ചകളും കണ്ടു.

റോഡ് ബ്ലോക്കാണ്.

ഒന്നോരണ്ടോ ആളുകൾ മാത്രമുള്ള സ്വകാര്യ കാറുകളുടെ നീണ്ട നിര............

പെട്ടന്ന് ബസ്സിൽ പാട്ടൊഴുകി; ശബ്ദകോലാഹലം.......!

കുറേ നേരം കേട്ടിരുന്ന് ഞാനും ഉറക്കത്തിലേക്ക് വഴുതിവീണു."

ഈ യാത്രാനുഭവം 'വഴിയാത്ര' എന്ന പാഠഭാഗത്തിലെ യാത്രാനുഭവങ്ങളുമായി താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക. (അരപ്പുറം)

(സ്കോർ 4

12. "ശബളാഭമായ ഒരു പൂപ്പാലികയാണ് കേരളം."
വി. ടി. ഭട്ടതിരിപ്പാടിന്റെ ഈ നിരീക്ഷണത്തെ ഇന്നത്തെ കേരളീയ സാഹചര്യവുമായി ബന്ധപ്പെടുത്തി വിലയിരുത്തുക.

(സ്കോർ 4)

13. 'തന്റെ ചെറിയ വീട്ടിൽ ഒറ്റക്കാണ്.'
'വെപ്രാളപ്പെട്ട നടത്തം പൊറുതികെട്ട ജന്മത്തിന്റേതാണ്.'
'തേവിത്തേവി വറ്റിപ്പോയ കിണർ.'
'ഭൂമിയുടെ കാതിൽ മഹാസങ്കടങ്ങൾ അറിയിക്കുന്ന-
പാദങ്ങൾ വിണ്ട് പൊട്ടിയിട്ടുണ്ട്.'

അമ്മമ്മ ചെറിയവീട്ടിൽ ഒറ്റക്കായതെങ്ങനെ?
മുകളിൽകൊടുത്ത സൂചനകൾ കൂടി പരിഗണിച്ച് അമ്മമ്മ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക. (ഒരുപുറം)

(സ്കോർ 5)

14. ആസ്വാദനം തയ്യാറാക്കുക

വിദ്യാലയത്തിലേക്ക്
വരുമ്പോൾ
അവനോടൊപ്പമുണ്ടായിരുന്നു.
അഭ്യാസം തുടങ്ങിയപ്പോൾ
പിണങ്ങിപ്പിരിഞ്ഞു.
ജീവിച്ചുപോകുമ്പോൾ
പരസ്പരം കണ്ടെങ്കിലും
തിരിച്ചറിഞ്ഞില്ല.

- നിഷ്കളങ്കത ( പ്രദീപ് രാമനാട്ടുകര )

മുകളിൽചേർത്ത കവിതയ്ക്ക് സാന്ദ്രസൗഹൃദം എന്ന പാഠഭാഗത്തിന്റെ ആശയംകൂടി പരിഗണിച്ച് ആസ്വാദനം തയ്യാറാക്കുക. (ഒരുപുറം)

(സ്കോർ 5)